# മഹാത്മാഗാന്ധി സർവ്വകലാശാല

നം.എസി.എ6/2/ജെ.ആർ.എഫ് 2018-19/വിജ്ഞാപനം/2018 21/08/2018

## വിജ്ഞാപനം

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ പഠനവകുപ്പുകളിലും സർവ്വകലാശാലയുടെ അംഗീകൃത ഗവേഷണകേന്ദ്രങ്ങളിലും മുഴുവൻസമയ പി.എച്ച്.ഡി. ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഗവേഷകരിൽ നിന്നും 2018-19 വർഷത്തേക്കുള്ള സർവ്വകലാശാലാ ജൂനിയർ റിസർച്ച് ഫെലോഷിപ്പിന് (100 പേർക്ക്) നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. ഫെലോഷിപ്പ് തുക പ്രതിമാസം ₹12,000/- (പന്തീരായിരം രൂപ മാത്രം) ആയിരിക്കും. ഫെലോഷിപ്പ് കാലാവധി പൊതുവിൽ മൂന്ന് വർഷമായി പരിമിതപ്പെടുത്തിയിരിക്കുന്നു. എന്നാൽ തികച്ചും അർഹരായവർക്ക് ഗവേഷണപുരോഗതിയുടെ അടിസ്ഥാനത്തിലും ഗവേഷണ മാർഗ്ഗദർശിയുടെയും സ്ഥാപനമേധാവിയുടെയും സിൻഡിക്കേറ്റ് റിസർച്ച് ആൻഡ് ഡെവലപ്പ്മെന്റ് കമ്മിറ്റിയുടെയും ശുപാർശകളുടെ അടിസ്ഥാനത്തിലും ഫെലോഷിപ്പ് കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിച്ച് നൽകുന്നതാണ്.

അപേക്ഷ ഫോറം www.mgu.ac.in എന്ന സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

പൂരിപ്പിച്ച അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

1. അക്കാദമിക് യോഗ്യത തെളിയിക്കുന്ന ഡിഗ്രി/ഡിപ്ലോമ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ.
2. മറ്റ് പരീക്ഷകളുടെ (NET/SLET/M.Phil./GATE തുടങ്ങിയവ) മാർക്ക് ലിസ്റ്റുകളുടെയും സർട്ടിഫിക്കറ്റുകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ.
3. ഗവേഷണ മാർഗ്ഗദർശിയുടെ പ്രത്യേക സമ്മതപത്രം.
4. മാർഗ്ഗദർശിയുടെ അംഗീകാരത്തോടെ തയ്യാറാക്കിയ അനുബന്ധ പ്രബന്ധം (Synopsis)
5. അപേക്ഷകൻെറ/അപേക്ഷകയുടെ ഗവേഷണം നടത്തുന്നതിനുള്ള അഭിരുചി സംബന്ധിച്ച് മാർഗ്ഗദർശിയും ഗവേഷണ കേന്ദ്രത്തിൻെറ തലവനും നൽകുന്ന ശുപാർശകൾ.
6. പി.എച്ച്.ഡി. രജിസ്ട്രേഷൻ അനുമതി നൽകികൊണ്ടുള്ള യൂണിവേഴ്സിറ്റി ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
7. ജോയിനിംഗ് റിപ്പോർട്ടിന്റെ (പി.എച്ച്.ഡി.) സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കിയതും എല്ലാ രീതിയിലും പരിപൂർണ്ണവുമായ അപേക്ഷ ഗവേഷണമാർഗ്ഗദർശിയുടെയും ഗവേഷണ കേന്ദ്രത്തിൻെറ തലവന്റെയും ശുപാർശകളോടൊപ്പം **29.09.2018**-നോ അതിനു മുമ്പോ ആയി സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതാണ്. അപൂർണ്ണമായതും അവസാനതീയതിയ്ക്ക് ശേഷം ലഭിക്കുന്നതുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

രജിസ്ട്രാർ

പകർപ്പ്:

1. സർവകലാശാലാ പഠന വകുപ്പു തലവന്മാർ/ഗവേഷണകേന്ദ്രം തലവന്മാർ.
2. വൈസ് ചാൻസിലർ/പ്രോവൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ/ഡി.സി.ഡി.സി എന്നിവരുടെ പി.എ.മാർ
4. അസിസ്റ്റൻറ് രജിസ്ട്രാർ I/II/III/IV (അക്കാദമിക്)
5. ഡെപ്യൂട്ടി രജിസ്ട്രാർ I/II (അക്കാദമിക്), ജോയിൻറ് രജിസ്ട്രാർ II(ഭരണവിഭാഗം)
6. സർവകലാശാലാ ജനറൽ സ്റ്റോർ
7. പി.ആർ.ഒ. (പത്രക്കുറിപ്പിനായി)
8. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ (സർവകലാശാലാ വെബ്സൈറ്റിൽ നൽകുന്നതിന്).
9. എൻക്വയറി/ ഐ.ക്യൂ.എ.സി/ ഓഡിറ്റ് V സെക്ഷനുകൾ
10. എ.സി.സി. I/II സെക്ഷൻ (എ.റ്റി.ആർ സഹിതം)
11. ഗവൺമെന്റ് ഓഡിറ്റ്
12. എസി.എ II/X/XI/EBX/EBIV സെക്ഷനുകൾ
13. റെക്കോർഡ് സെക്ഷൻ/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി.